# ആവശ്യമുണ്ട്
# ഇസ്‌ലാമിക് ബാങ്കിംഗ് വിദഗ്ധരെ

**ആഗോളതലത്തിൽതന്നെ** ഏറ്റവും കൂടുതൽ വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന സംരംഭങ്ങളിലൊന്നാണ് ഇസ്‌ലാമിക് ബാങ്കിംഗ്. ഓരോ വർഷവും വളർച്ചാനിരക്ക് പതിനഞ്ചു ശതമാനത്തോളമാണ്. മാനേജ്മെന്റ് ഉപദേഷ്ടാക്കളായ Mckinsey&Co -യുടെ പ്രവചന പ്രകാരം, 2010-ൽ ഇസ്‌ലാമിക് ബാങ്കുകളുടെ ആസ്തി ഒരു ട്രില്യൻ അമേരിക്കൻ ഡോളറായി ഉയരും.

വരും വർഷങ്ങളിൽ വളർച്ചാ നിരക്ക് കുറഞ്ഞേക്കുമെന്നാണ് ബഹ്റൈനിലെ യൂനികോൺ ഇൻവെസ്റ്റ്മെന്റ്



ശൈഖ് നിസാം യഅ്ഖൂബി

ബാങ്കിലെ ഉദ്യോഗസ്ഥനായ ഡേവിഡ് പെയ്സിന്റെ മുന്നറിയിപ്പ്. പരമ്പരാഗത ബാങ്കുകളുടെ കൂട്ടായ ആക്രമണം കൊണ്ടൊന്നുമായിരിക്കില്ല ഇത് സംഭവിക്കുക. ഇസ്‌ലാമിക് ബാങ്കിംഗിൽ കഴിവും പരിചയവുമുള്ളവരുടെ അഭാവമായിരിക്കും മാന്ദ്യത്തിന് മുഖ്യ കാരണമായിത്തീരുക. 'ശരീഅത്തിൽ അവഗാഹമുള്ള ധാരാളം യുവാക്കൾ ഇപ്പോൾ ഇസ്‌ലാമിക് ബാങ്കിംഗിൽ ബിരുദമെടുക്കുന്നുണ്ട്. പക്ഷേ, ഇസ്‌ലാമിക് ബാങ്കിന്റെ വളർച്ചനോക്കുമ്പോൾ ഇത് തീരെ മതിയാവുകയില്ല.' നിരവധി സാമ്പത്തിക സ്ഥാപനങ്ങളുടെ ഉപദേഷ്ടാവായി പ്രവർത്തിക്കുന്ന ശൈഖ് നിസാം യഅ്ഖൂബി *റോയിട്ടേഴ്സ്* വാർത്താ ഏജൻസിയോട് പറഞ്ഞു. 'ഇസ്‌ലാമിക് ബാങ്കിംഗിൽ പരമ്പരാഗത ബാങ്കുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് ഉപദേശ നിർദേശങ്ങൾ നൽകാൻ യോഗ്യതയുള്ള അമ്പതോ അറുപതോ വിദഗ്ധരേ ഇപ്പോൾ ഉള്ളൂ. മധ്യപൗരസ്ത്യ ദേശത്ത് മാത്രം ഇതിന്റെ പത്തിരട്ടിയിലധികം ഇസ്‌ലാമിക് ബാങ്കിംഗ് വിദഗ്ധരെ ആവശ്യമുണ്ട്.'

ഇസ്‌ലാമിക് ബാങ്കിംഗിന്റെ സുതാര്യമായ നടത്തിപ്പിന് ഇത്തരം വിദഗ്ധർ അനിവാര്യമാണ്. ഏതൊക്കെ വ്യവഹാരങ്ങൾ ശരീഅത്ത് അനുസൃതമാണെന്ന് അവരാണ് ബാങ്കുകളെ ഉപദേശിക്കുക. ഇതിൽ വൈദഗ്ധ്യം നേടാൻ പരമ്പരാഗത ബാങ്കിംഗ് രീതികളോടൊപ്പം ഇസ്‌ലാമിക സാമ്പത്തിക വ്യവഹാരവും ശരീഅത്ത് നിയമങ്ങളും ആഴത്തിൽ അറിഞ്ഞിരിക്കണമെന്നർഥം. വിദഗ്ധർ വിരലിലെണ്ണാവുന്നവരായതും വെറുതെയല്ല. കൺസൾട്ടിംഗ് ഏജൻസിയായ *ശരീഅഃ റിവ്യൂ ബ്യൂറോ*യിലെ യാസിർ ദഹ്‌ലവി അഭിപ്രായപ്പെട്ട പോലെ, ഏറ്റവും ചുരുങ്ങിയത് അതത് വിഷയത്തിൽ ഒരു ഡോക്ടറേറ്റും പത്തു കൊല്ലത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്കേ വിദഗ്ധാഭിപ്രായം നൽകാനാവൂ. ■

# ഇഖ്ബാൽ രചനകളിലെ ഖുർആൻ



**ജലാലുദ്ദീൻ** റൂമിയുടെ കാവ്യമായ മഥ്നവിയെ 'പേർഷ്യൻ ഭാഷയിലെ ഖുർആൻ' എന്ന് ചില നിരൂപകർ അത്യുക്തിയോടെ വിശേഷിപ്പിച്ചിട്ടുണ്ട്. ഖുർആനികാശയങ്ങൾക്ക് തന്റേതായ ഒരു ഭാഷ്യം നൽകാൻ ശ്രമിക്കുകയായിരുന്നു മഥ്നവിയിലൂടെ റൂമി. ഈ വിശേഷണത്തിന് ഉർദുവിൽ ആർക്കെങ്കിലും അർഹതയുണ്ടെങ്കിൽ അത് അല്ലാമാ ഇഖ്ബാലിനാണെന്ന് നിസ്സംശയം പറയാം. കാവ്യരചനയിൽ തന്റെ ഗുരു റൂമിയാണെന്ന് ഇഖ്ബാൽ പറയുകയും ചെയ്തിരുന്നല്ലോ.

ഇഖ്ബാൽ രചനകളിൽ ഖുർആന്റെ സ്വാധീനം അന്വേഷിക്കുന്ന ബൃഹത്തായ ഒരു കൃതി ഈയിടെ ഉർദുവിൽ പുറത്തിറങ്ങി. ഡോ. ഗുലാം മുസ്ത്വഫാ ഖാൻ (മരണം: 2005 സെപ്റ്റംബർ 25) ആണ് ഗ്രന്ഥകർത്താവ്. ഈ വിഷയത്തിൽ മുമ്പ് വേറെയും പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇത്രത്തോളം സമഗ്രമാണെന്നു പറഞ്ഞുകൂടാ. അതു കൊണ്ടാവാം പാക് ഭരണകൂടം ഏർപ്പെടുത്തിയ പ്രഥമ ഇഖ്ബാൽ അവാർഡിന് 'ഇഖ്ബാൽ ഔർ ഖുർആൻ' എന്ന ഈ കൃതി തെരഞ്ഞെടുക്കപ്പെട്ടത്.

ഖുർആനിൽനിന്നും പ്രവാചക വചനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞതാണ് ഇഖ്ബാലിയൻ ചിന്തകൾ. ഈ സൈദ്ധാന്തികതലം അന്വേഷിക്കുന്ന ശ്രദ്ധേയമായ കൃതിയാണ് ഡോ. യൂസുഫ് ഹുസൈൻ ഖാന്റെ *റൂഹെ ഇഖ്ബാൽ*. പക്ഷേ, ആ കൃതി വിശദാംശങ്ങളിലേക്ക് പോകുന്നില്ല. *ഇഖ്ബാലും ഖുർആനും* എന്ന കൃതിയിൽ ഖുർആനിക സ്പർശമുള്ള ഇഖ്ബാലിന്റെ ഓരോ കാവ്യ ഖണ്ഡവും ഗദ്യഭാഗവും വിശകലനം ചെയ്യുകയാണ്. അതത് ഖുർആൻ സൂക്തങ്ങളും കാവ്യത്തോടൊപ്പം ചേർത്തിട്ടുണ്ട്. ലാഹോറിലെ ഇഖ്ബാൽ അക്കാദമിയാണ് പ്രസാധകർ. പേജ്: 1126. വില: 400 രൂപ. ■

# ഇനിയും എൻ.ജി.ഒകളെക്കുറിച്ച് ചിന്തിച്ചിട്ടില്ലാത്ത സമുദായം

**അമേരിക്കയെപ്പോലുള്ള** നവസാമ്രാജ്യത്വ ശക്തികളും വത്തിക്കാനെപ്പോലുള്ള മത സ്ഥാപനങ്ങളും വിദേശനാടുകളിൽ അവരുടെ അജണ്ട നടപ്പാക്കുന്നത് മുഖ്യമായും സർക്കാരിതര സംഘങ്ങളെ(എൻ.ജി.ഒ) ഉപയോഗിച്ചാണ്. ഇതിന്നായി പുതിയ എൻ.ജി. ഒകളെ ഉണ്ടാക്കുകയോ നിലവിലുള്ളവയെ വലയിട്ട് പിടിക്കുകയോ ചെയ്യുന്നു. അജണ്ടയോടൊപ്പം അതു നടപ്പാക്കാൻ യഥേഷ്ടം ഫണ്ടും അവർ നൽകും. ഫണ്ടിംഗിന്റെ കനപ്പും ബാഹുല്യവും കേന്ദ്ര-സംസ്ഥാന സർക്കാറുകളെ നോക്കുകുത്തികളാക്കുന്ന തലത്തിലേക്കാണ് കാര്യങ്ങളുടെ പോക്ക്.

ഒരു സമൂഹമെന്ന നിലയിൽ എൻ.ജി.ഒകളുടെ പ്രസക്തിയും പ്രാധാന്യവും ഇന്നും തിരിച്ചറിഞ്ഞിട്ടില്ലാത്തവരാണ് ഇന്ത്യൻ മുസ്‌ലിംകൾ. തങ്ങളുടെ സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുടെ ഞെട്ടിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ സച്ചാർ കമ്മിറ്റി പുറത്തു വിട്ടിട്ടും ഗവൺമെന്റുകൾ കനിയട്ടെ എന്ന അലസനിലപാടിലാണ് അവരിപ്പോഴും. സർക്കാരിതര സംഘങ്ങളെ പിന്നാക്കാവസ്ഥ മാറ്റിയെടുക്കാൻ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന ചിന്ത ഉണ്ടാകുന്നില്ല. ഇന്ത്യയിൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ മിഷ്യനറി സംഘങ്ങളുടെയും അനുബന്ധ സംഘങ്ങളുടെയും മാതൃകയും അവരുടെ കണ്ണിൽ പെടുന്നില്ല.

ചെറുതും വലുതുമായി പന്ത്രണ്ട് ലക്ഷത്തോളം സർക്കാറിതര സംഘങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്ക്. അവയിൽ മുസ്‌ലിം എൻ.ജി.ഒകൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. പതിനയ്യായിരത്തോളം വരുമെന്നാണ് അനുമാനം. അവയിൽ ബഹുഭൂരിഭാഗത്തിന്റെയും പ്രവർത്തനം വളരെ പരിമിതമായ വൃത്തങ്ങളിലാണ്. അതാകട്ടെ ഒട്ടും കാര്യക്ഷമവുമല്ല. പ്രവർത്തനങ്ങൾ മുസ്‌ലിം സമൂഹത്തിന്റെ പുറത്തുള്ള അധഃസ്ഥിത വിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാനും അവർക്ക് കഴിഞ്ഞിട്ടില്ല. 'ആദിവാസി, ദലിത് വിഭാഗങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ആ വിഭാഗങ്ങളെ ഗുജറാത്ത് കലാപവേളയിൽ മുസ്‌ലിംകൾക്കെതിരെ തിരിച്ചു വിടാൻ ഫാഷിസ്റ്റുകൾക്ക് സാധിക്കുമായിരുന്നില്ല' -*ജംഇയ്യത്ത് ഉലമായെ ഹിന്ദി*ന്റെ സെക്രട്ടറി മൗലാനാ അബ്ദുൽ ഹമീദ് നുഅ്മാനി പറഞ്ഞു.

ഈ വിഷയകമായി നിരവധി ലേഖനങ്ങളുണ്ട്, *ദഅ്‌വത്ത്* ഉർദു പത്രത്തിന്റെ *ജാഇസ* സ്പെഷ്യലിൽ(2008 ജനുവരി 4). ഉള്ള എൻ.ജി.ഒകളെ എങ്ങനെ കാര്യക്ഷമമാക്കാമെന്നും പുതിയവ എങ്ങനെ രജിസ്റ്റർ ചെയ്യാമെന്നുമൊക്കെ വിശദമായി പ്രതിപാദിക്കുന്നു. ജാതിമത ഭേദമന്യേ മൊത്തം സമൂഹത്തെ അഭിസംബോധന ചെയ്യുന്ന എൻ.ജി.ഒ രൂപ മാതൃകയെക്കുറിച്ചാണ് ലേഖകർ കാര്യമായും ഊന്നിപ്പറയുന്നത്. ■

# 'ഇസ്‌ലാമികവൽക്കരണത്തിന്റെ സൂനാമി'




**ഈ** പുതിയ ഇസ്‌ലാമോഫോബിയാ പ്രയോഗത്തിന്റെ ഉപജ്ഞാതാവ് ഡച്ച് രാഷ്ട്രീയക്കാരനായ ഗീർട്ട് വൈൽഡേഴ്സ് ആണ്. അവിടത്തെ ഫ്രീഡം പാർട്ടിയുടെ നേതാവ്. ഏതാനും വർഷമായി ഡച്ച് മുസ്‌ലിംകൾക്കെതിരെ വിഷം തുപ്പുകയാണ് ഇയാൾ. മുസ്‌ലിംകൾക്ക് നെതർലാന്റിൽ ജീവിക്കണമെന്നുണ്ടെങ്കിൽ അവർ ഖുർആന്റെ പകുതി ഭാഗം കീറിക്കളയണമെന്നാണ് വൈൽഡേഴ്സ് ആക്രോശിച്ചത്. ഡച്ച് സമൂഹത്തിനെന്നല്ല, ലോകത്തിനുതന്നെ ഏറ്റവും വലിയ ഭീഷണി ഇസ്‌ലാമാണെന്ന് പറയാനും അയാൾക്ക് മടിയില്ല.

ഇസ്‌ലാമിനെ അക്രമണോത്സുക മതമായി ചിത്രീകരിക്കുന്ന ഒരു സിനിമ ജനുവരി അവസാനം പുറത്തിറക്കുമെന്നാണ് വൈൽഡേഴ്സിന്റെ പുതിയ ഭീഷണി. ഉദ്യമത്തിൽ നിന്ന് പിന്തിരിയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുസ്‌ലിംകളെ പരമാവധി പ്രകോപിപ്പിക്കുകയാണ് ലക്ഷ്യം.

ഡച്ച് സമൂഹത്തിൽ പ്രകോപനമുണ്ടാക്കി അറബ് വംശജരായ മുസ്‌ലിം സമൂഹത്തിനെതിരെ തിരിച്ചു വിട്ടാലേ തന്റെ പാർട്ടി വളരൂ എന്ന് വൈൽഡേഴ്സ് അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുണ്ട്. ഡച്ച് സിനിമാ സംവിധായകനായ തിയോ വാൻഗോഗ് ഒരു മൊറോക്കൻ വംശജനാൽ വധിക്കപ്പെട്ടപ്പോൾ ഡച്ച് പാർലമെന്റിലെ 150 സീറ്റിൽ 29 സീറ്റുകൾ വരെ തീവ്ര വലതുപക്ഷമായ ഫ്രീഡം പാർട്ടി നേടുമെന്ന പ്രവചനമുണ്ടായി. സ്ഥിതിഗതികൾ ശാന്തമായപ്പോൾ പാർട്ടിയുടെ സാധ്യത ഒരു സീറ്റ് മാത്രമായി ചുരുങ്ങി. പ്രവാചകനെ അധിക്ഷേപിച്ചു കൊണ്ടുള്ള കാർട്ടൂണുകൾ വിവാദമായപ്പോൾ മൂന്നു സീറ്റുകൾ ലഭിക്കുമെന്നായി പ്രവചനം. വൈൽഡേഴ്സിന്റെ ലക്കു കെട്ട ആക്രോശങ്ങൾക്ക് പിന്നിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയമാണെന്ന് വ്യക്തം.

ഡച്ച് രാജ്ഞിയും പ്രധാനമന്ത്രിയുമെല്ലാം വൈൽഡേഴ്സിന്റെ പ്രസ്താവനകൾക്കെതിരെ ശക്തമായാണ് പ്രതികരിച്ചത്. അസഹിഷ്ണുതയും വിഭാഗീയതയും സൃഷ്ടിക്കാനുള്ള നീക്കത്തിനെതിരെ അവർ മുന്നറിയിപ്പു നൽകി. പ്രകോപന പ്രസ്താവനകൾക്കെതിരെ രാഷ്ട്രീയ നേതാക്കളും ബുദ്ധിജീവികളും കലാകാരന്മാരും ഉൾപ്പെടെ 717 പ്രമുഖർ ഒപ്പിട്ട അഭ്യർഥന ഒരു ഫുൾപേജ് പരസ്യമായി *Trouw* ദിനപത്രത്തിൽ വരികയും ചെയ്തു. പ്രകോപനങ്ങളിൽ വശംവദരാവാതെ വംശീയ, മതകീയ വിവേചനങ്ങൾക്കെതിരെ പൊതുസമൂഹത്തോടൊപ്പംനിന്ന് പൊരുതാനാണ് ഡച്ച് മുസ്‌ലിം നേതൃത്വത്തിന്റെ തീരുമാനം. ■